# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4326

27.06.2013 -ൽ
മറുപടിയ്ക്ക്

### കോളേജ് ലൈബ്രേറിയൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ രാജു | ശ്രീ. പി. കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) യു ജി സി ആക്ട് പ്രകാരം കേരളത്തിലെ 12 ബി, (എ) 2 എഫ് എന്നീ കാറ്റഗറിയിലുള്ള എയ്ഡഡ് സർക്കാർ ആർട്ട്സ് & സയൻസ് കോളേജുകളിൽ കോളേജ് ലൈബ്രേറിയൻ (യു. ജി സി/ ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ; | 17.9.2004 ലെ ജി ഒ(എം.എസ്) 119/2004/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ എയ്ഡഡ് കോളേജുകളിൽ യു ജി സി തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ 19.1.2006 ലെ സ.ഉ (എം. എസ്) 14/2006/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ 12 ലൈബ്രേറിന്മാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രൈവറ്റ് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ ലൈബ്രറി ഗ്രേഡിംഗ് നടത്തിയത് ജി ഒ(എം. എസ്) നം. 119/2004/എച്ച്.ഇ. ഡി. എൻ തീയതി 17.9.2004 പ്രകാരവും എന്നാൽ സർക്കാർ കോളേജുകളിൽ ജി ഒ (ആർടി) നം. 2065/ 10/എച്ച.ഇ.ഡി.എൻ തീയതി 25.10.2010 പ്രകാരവുമായ വിവേചനം ഉണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | |
|---|---|
| (സി) ജി ഒ (എം. എസ്) 58/2010/എച്ച്.ഇ.ഡി എൻ ഉത്തരവ് പ്രകാരം മുഴവൻ യോഗ്യരായ ലൈബ്രേറിയൻമാർക്കും യു.ജി.സി നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചശേഷം പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ മേഖലയിലെ കോളേജുകളിൽ മാത്രം നിയമനം നടപ്പിലാക്കാത്തത് എന്ത്കൊണ്ട്; വ്യക്തമാക്കുമോ | (സി) കോളേജ് വിദ്യാഭ്യാസ വകുപ്പിലും സർക്കാരിന്റെ ഇതര വകുപ്പുകളിലേക്കും ലൈബ്രേറിയന്മാരെ നിയമിക്കുന്നത് പി എസ് സി തയ്യാറാക്കുന്ന ഒരു കോമൺപൂൾ (സ്റ്റേറ്റ് വൈഡ്) ലിസ്റ്റിൽ നിന്നാണ്. ഈ ലിസ്റ്റിൽ നിന്നു നിയമിക്കപ്പെടുന്നവർക്ക് നിലവിൽ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ കോളേജുകളിലെ ലൈബ്രേറിയൻമാരുടെ നിയമനം അതാത് മാനേജ്മെന്റിന്/ കോളേജുകൾക്ക് മാത്രമായിട്ടാണ്. പി എസ് സി വഴി നിയമനം ലഭിക്കുന്നവർ മറ്റ് ഇതര വകുപ്പികളിലും സേവനം അനുഷ്ഠിച്ച വരുന്നതിനാലും വകുപ്പുകൾ തമ്മിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതിനാലുമാണ് യു ജി സിയുടെ ആനുകൂല്യം പ്രസ്തുത ജീവനക്കാർക്ക് ലഭിക്കാതെ വരുന്നത്. |
| (ഡി) 2005 മുതൽ ഒഴിഞ്ഞുകിടക്കുന്ന കോളേജ് ലൈബ്രേറിയൻ തസ്തിക നികത്താത്തത് എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ; ആയത് നികത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ